# BELIEVERS EASTERN CHURCH WORLD HEADQUARTERS

Office of the Metropolitan, St.Thomas Community, Kuttappuzha P.O.,
Thiruvalla-689103, Kerala, India

## ഇടയലേഖനം

August/September 2024

**നമ്മുടെ അധികാരത്തിൽപ്പെട്ട മേൽപ്പട്ടക്കാരും, വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരും, സഭാപ്രതിനിധി അംഗങ്ങളും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.**

**പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ആമേൻ!✠**

കർത്താവിൽ എനിക്ക് വാത്സല്യമുള്ളവരേ,

സഭയുടെ മെത്രാപ്പൊലീത്ത പിതാവായി സ്ഥാനം ഏറ്റതിനുശേഷം ആദ്യമായി ഞാൻ അയയ്ക്കുന്ന ഇടയലേഖനമാണിത്.

എന്നോട് നിങ്ങൾ കാണിച്ച സ്നേഹത്തിനും പ്രാർത്ഥനയ്ക്കും ഞാൻ എത്രമാത്രം നിങ്ങളോട് കടപ്പെട്ടിരിക്കുന്നു എന്ന് ഓർത്തുകൊണ്ട് തുടങ്ങട്ടെ! ഈ സമീപകാലത്ത് നമ്മുടെ സ്വർഗ്ഗീയ പിതാവ് നമ്മോട് കാണിച്ച സ്നേഹത്തിനും വിശ്വസ്തതയ്ക്കും ഞാൻ വളരെ അധികം നന്ദിയുള്ളവനാണ്.

ഈ ലേഖനത്തിൽ ചില പ്രധാനപ്പെട്ട കാര്യങ്ങളിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ചോദിക്കുന്നു.

**ഒന്നാമതായി, 2024 ഒക്ടോബറിലെ യൂത്ത് അസംബ്ലി:**

യുവാക്കളാണ് നമ്മുടെ സഭയുടെ ഭാവി. അവർ ആത്മീയമായ ശക്തരും, ഊർജ്ജസ്വലരും, അവരുടെ പ്രാദേശിക പ്രവർത്തനങ്ങളിൽ സജീവമായി നിൽക്കുന്നുവരുമാണെങ്കിൽ നമ്മുടെ സഭയുടെ ഭാവി സുരക്ഷിതമായ കരങ്ങളിലാണ് എന്ന് നമുക്ക് ഉറപ്പിക്കാം. ആ ഒരു ഉദ്ദേശത്തോടെയാണ് 2024 ഒക്ടോബർ മാസത്തിൽ നടക്കുന്ന യൂത്ത് അസംബ്ലിക്കായി നമ്മൾ പ്രാർത്ഥിക്കുകയും ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്യുന്നത്. വിവിധ ഭദ്രാസനങ്ങളെ പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഒരു കൂട്ടം യുവാക്കൾ ഇവിടെ ആ ദിവസത്തിൽ ഒത്തുചേരും. യൂത്ത് അസംബ്ലിക്കുവേണ്ടി നാം വളരെ തീഷ്ണമായി പ്രാർത്ഥിക്കണം. നമ്മുടെ കുടുംബപ്രാർത്ഥനയിൽ ഇത് ഓർക്കുന്നതോടൊപ്പം, നമ്മുടെ ഇടവകകളിൽ യൂത്ത് കോൺഫറൻസ് കഴിയുന്നതുവരെ ഇതിനായി പ്രാർത്ഥനകൾ ക്രമീകരിക്കുക. പങ്കെടുക്കുന്നവരുടെ സുരക്ഷിതമായ യാത്രയെ ഓർത്തും ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന തയ്യാറെടുപ്പുകളെ ഓർത്തും നാം പ്രാർത്ഥിക്കണം. നമ്മുടെ യുവാക്കൾ ഈ ദിവസങ്ങളിൽ ഒരു വിശുദ്ധജീവിതത്തിലേക്ക് നയിക്കപ്പെടുവാനായി നാം പ്രാർത്ഥിക്കണം.

**രണ്ടാമതായി,** നമ്മുടെ ഇടവകകളിൽ നിന്ന് സഭയോട് പ്രതിബദ്ധതയുള്ള യുവസഹോദരങ്ങളെ പരിശുദ്ധ സഭയുടെ ശുശ്രൂഷയ്ക്കായി പരിശീലിപ്പിക്കുവാൻ നമുക്ക് വളരെ വലിയ ആവശ്യം ഇപ്പോൾ ഉണ്ട്. കർത്താവായ യേശുമ്ശിഹാ പറഞ്ഞതുപോലെ ജനത്തിൽ ആത്മീയ ആവശ്യങ്ങൾ പ്രാധാന്യമുള്ളവയാണ്. എന്നാൽ ആ ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ കുറച്ചുപേർ മാത്രമാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് നമുക്ക് എന്തു ചെയ്യുവാൻ കഴിയും? ഈ കർമ്മം നിറവേറ്റുവാനായി കഴിയുന്ന നിരവധിപേരെ ദൈവം അയയ്ക്കുവാൻ നാം പ്രാർത്ഥിക്കണം (മത്തായി 9:36–39). നമ്മുടെ ഓരോ കൂട്ടായ്മകളിലും ഭവനപ്രാർത്ഥനകളിലും ഈ വർഷം മുഴുവനും ഇത് ഒരു നിരന്തരമായ പ്രാർത്ഥനാവിഷയമായി നാം ഏറ്റെടുക്കണം. നിങ്ങൾ ഒരു മാതാവോ, പിതാവോ എങ്കിൽ നിങ്ങളുടെ മക്കൾ കർത്താവിന്റെ വേലയ്ക്കായി ജീവിതം സമർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കണം. നാം ആദ്യം ഇതിന് മാതൃകയാകുമ്പോൾ മറ്റുള്ളവർ നമ്മുടെ പാത പിന്തുടരും.

**മൂന്നാമതായി,** നമ്മുടെ മേജർ സെമിനാരിയുടെയും ഭദ്രാസന സെമിനാരിയുടെയും സിസ്റ്റേഴ്സ് ഓഫ് ക്രോസ് ട്രെയിനിംഗ് സെന്ററുകളുടെയും അദ്ധ്യയനവർഷം ആരംഭിച്ചുകഴിഞ്ഞു. അതിൽ ദൈവവേലയ്ക്കുവേണ്ടി പരിശീലനം നേടുകയും, പഠിപ്പിക്കുകയും, സ്വയം സജ്ജരാകുകയും ചെയ്യുന്ന എല്ലാ സഹോദരിസഹോദരന്മാരെയും നമുക്ക് പ്രാർത്ഥനയിൽ ഓർക്കാൻ കഴിയട്ടെ!

**നാലാമതായി,** പരിശുദ്ധ സഭയുടെ സാമ്പത്തിക ആവശ്യങ്ങളിലേക്ക് നിങ്ങൾ വിശ്വസ്തതയോടെ നൽകുന്നത് തുടരുക. കടുത്ത ദാരിദ്ര്യത്തിന്റെ നടുവിലും അവരുടെ പ്രാപ്തിക്കുമേലെ നൽകിയ മക്കദോന്യസഭയെ പൗലൊസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുണ്ടല്ലോ (2 കൊരി.8:1-5). നമ്മുടെ പരിശുദ്ധ സഭയും അത്തരത്തിൽ ദാനം നൽകുന്നതിനും, തനിക്കുള്ളതെല്ലാം നൽകിയ വിധവയെപ്പോലെ ഉദാരമായും മനസ്സോടെയും വിശ്വസ്തതയോടെയും നൽകുന്നതിലും മുന്നിൽ നിൽക്കണമെ (മർക്കൊസ് 12:41-44). സന്തോഷത്തോടെ കൊടുക്കുന്നവരെ ദൈവം സ്നേഹിക്കുന്നു എന്ന് ഓർക്കുക (2 കൊരി.9:6,7). നാം നൽകുമ്പോൾ ദൈവം ആകാശത്തിന്റെ കിളിവാതിലുകളെ തുറന്ന് നമ്മുടെമേൽ അനുഗ്രഹം പകരും (മലാഖി 3:10,11).

എന്റെ പ്രിയ കുഞ്ഞുങ്ങളെ, അവസാനിപ്പിക്കുന്നതിനുമുമ്പ് ഒരു സഭ എന്ന നിലയിൽ നാം നമ്മുടെ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും ദേശത്തിന്റെയും ഭരണാധികാരികളെ ഓർത്തും പ്രാർത്ഥിക്കണം എന്ന് ഓർമ്മപ്പെടുത്തുന്നു (1 തിമൊ.2:1-4). നമുക്ക് അത് വിശ്വസ്തതയോടെ ചെയ്യാം. അക്രമവും, അസ്ഥിരതയും ബാധിച്ചിരിക്കുന്ന ബംഗ്ലാദേശിൽ സമാധാനവും സ്ഥിരതയും വേഗത്തിൽ ലഭിക്കേണ്ടതിനായി നാം പ്രാർത്ഥിക്കണം. പ്രകൃതി ദുരന്തങ്ങളാൽ ബാധിതമായ പ്രദേശങ്ങളിൽ ദൈവം തന്റെ ജനത്തോട് കരുണയും അനുകമ്പയും കാണിക്കേണ്ടതിനായി നാം പ്രാർത്ഥിക്കണം.

അവസാനമായി, പ്രിയ സഹോദരീ സഹോദരന്മാരേ, ഭാഗ്യസ്മരണീയനായ നമ്മുടെ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്ത എപ്പോഴും പറഞ്ഞിരുന്നതുപോലെ **അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം നമ്മുടെ ബ്ലൂപ്രിന്റാണ്.** ഓർത്തഡോക്സ് വിശ്വാസത്തിലേക്കുള്ള അടിസ്ഥാനത്തിന്റെ വഴികാട്ടിയാണിത്. ഈ പുസ്തകം ഇടയ്ക്കിടെ വായിക്കുകയും വ്യക്തിപരമായും ഒന്നിച്ചും ഒരു ഇടവക എന്ന നിലയിലും, ഒരു സഭ എന്ന നിലയിലും അവയിലെ ഓരോ തത്വങ്ങളെയും നമുക്ക് പ്രായോഗികതലത്തിൽ കൊണ്ടുവരുവാൻ കഴിയണം.

നമ്മുടെ മുൻപോട്ടുള്ള യാത്രയിൽ പരിശുദ്ധ സഭയുടെ നാഥനായ നമ്മുടെ കർത്താവേശു മ്ശിഹായിലേക്ക് നമ്മുടെ കണ്ണുകളെ ഉറപ്പിക്കാം. അനുദിനവും കർത്താവിന് പ്രസാദകരമായ ഒരു ജീവിതം നയിക്കുവാനുള്ള ശക്തിയും പ്രചോദനവും ദൈവം നൽകട്ടെ. സ്നേഹിക്കാനും, സേവിക്കാനുമുള്ള ദൗത്യങ്ങൾ നിറവേറ്റുവാൻ പരിശുദ്ധ റൂഹാ സഹായിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധറൂഹായുമാകുന്ന പരിശുദ്ധ ത്രിത്വത്തിന് സ്തുതിയും ആരാധനയും പുകഴ്ചയും ഇപ്പോഴും എപ്പോഴും എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ.✠

ക്രിസ്തുവിൽ നിങ്ങളുടെ പിതാവ്,

**മോറാൻ മോർ സാമുവേൽ തിയോഫിലോസ് മെത്രാപ്പൊലീത്ത**

Date:12 August 2024
Place:World Headquarters